"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

അഗ്നിരക്ഷാസേവനം - ഇടുക്കി ജില്ലയിലെ കട്ടപ്പന അഗ്നിരക്ഷാ നിലയത്തിലെ കാലഹരണപ്പെട്ട യാത്രാബില്ലുകൾ മാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1468/2026/HOME തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:- അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 30.10.2025 തീയതിയിലെ FIREHQ/2726/2025-BA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അഗ്നിരക്ഷാസേവനവകുപ്പിന്റെ ഇടുക്കി ജില്ലയിലെ കട്ടപ്പന നിലയത്തിലെ 2023 ജനുവരി മാസത്തെ യാത്രാബില്ലുകൾ ഫണ്ടിന്റെ അപര്യാപ്തത മൂലം യഥാസമയം മാറുവാൻ കഴിഞ്ഞിട്ടില്ലെന്നും, അതിനാൽ കാലഹരണപ്പെട്ട പ്രസ്തുത യാത്രാബില്ലുകൾ പണമാക്കി മാറ്റുന്നതിന് സർക്കാരിന്റെ പ്രത്യേക ഉത്തരവ് ലഭ്യമാക്കണമെന്നും അഗ്നിരക്ഷാസേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച ക്ലയിമുകളിൽ ട്രെയിനിംഗുമായി ബന്ധപ്പെട്ട യാത്രകളുണ്ടെങ്കിൽ, ജീവനക്കാർക്ക് ഭക്ഷണമോ താമസമോ ഇവ രണ്ടുമോ സൗജന്യ നിരക്കിൽ ലഭ്യമായിരുന്നുവെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം II ചട്ടം 39-ന് അനുസൃതമായി ദിനബത്തയിൽ ആവശ്യമായ കുറവുകൾ വരുത്തേണ്ടതാണെന്നും ബില്ലുകളുടെ കൃത്യത, ആധികാരികത എന്നിവ ഡയറക്ടർ ജനറൽ ഉറപ്പു വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ ഇടുക്കി ജില്ലയിലെ കട്ടപ്പന നിലയത്തിലെ 2023 ജനുവരി മാസത്തെ കാലപരിധി കഴിഞ്ഞ യാത്രാബത്ത ബില്ലുകൾ മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU T S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള ഫയർ & റസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (05.03.2026 ലെ 3362167/EXP-C1/66/2025-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ratheesh G R
Date: 28-04-2026 13:04:48
സെക്ഷൻ ഓഫീസർ